# പതിനാലാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1438 — 03.10.2016 ൽ മറുപടിയ്ക്ക്

### മെഡിക്കൽ റീഇംബേഴ്സ്മെന്റ്

| ചോദ്യം<br>ശ്രീ. എ. എൻ. ഷംസീർ | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും<br>വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാർ ജീവനക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുമ്പോൾ ശുപാർശ നൽകുന്ന മെഡിക്കൽ ഓഫീസറുടെ പേര് വിവരം പെൻ നമ്പർ സഹിതം രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | മരുന്നുകൾ കുറിക്കുന്ന ഡോക്ടർ എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിൽ അദ്ദേഹത്തിന്റെ പേര്, ഔദ്യോഗിക പേര്, രജിസ്ട്രേഷൻ നമ്പർ, സ്ഥാപനത്തിന്റെ മേൽവിലാസം എന്നിവ രേഖപ്പെടുത്തി കയ്യൊപ്പ് രേഖപ്പെടുത്തിയാണ് സമർപ്പിക്കുന്നത്. കെ.ജി.എസ്.എം.എ. റൂൾ പ്രകാരം ഡോക്ടറുടെ പെൻ രേഖപ്പെടുത്തേണ്ടതില്ല. പെൻ നമ്പർ രേഖപ്പെടുത്തുന്ന സംവിധാനം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) | മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിൽ ആരോഗ്യ വകുപ്പിൽ എന്തെങ്കിലും വെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. കെ.ജി.എസ്.എം.എ. റൂൾ അനുസരിച്ച് എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റിലെ മരുന്നുകൾ, പ്രൊസീജറുകൾ, ലാബ് ടെസ്റ്റുകൾ എന്നിവ വിശദമായി പരിശോധിച്ച് സർക്കാർ അംഗീകൃത നിരക്ക് അനുവദിക്കുകയാണ് ചെയ്യുന്നത്. അപാകതകൾ ഉള്ള അപേക്ഷകൾ പുനഃസമർപ്പിക്കുന്നതിനായി അതാത് വകുപ്പുകളിലേക്ക് തിരികെ അയയ്ക്കുകയാണ് പതിവ്. |
| (സി) | ഇവ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഏതെങ്കിലും അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ? | (സി) | ബാധകമല്ല . |

സെക്ഷൻ ഓഫീസർ